(സി) ലഭിച്ചിട്ടുണ്ട്. ആർ. ഇ. സി.-ക്ക് സമർപ്പിച്ച കൊല്ലം ജില്ലയ്ക്കു വേണ്ടിയുള്ള പദ്ധതിയിൽ കുളത്തുപ്പുഴ വില്ലേജിലെ റോസ്മല II, ആര്യൻകാവ് വില്ലേജിലെ റോസ്മല, രാജമ്മത്തോട്ടം എന്നീ കരകളിലെ 64 വീടുകൾ വീതം വൈദ്യുതീകരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

(ഡി) അനുമതി ലഭിച്ച 7 ജില്ലകളിലും പ്രവർത്തനം ആരംഭിക്കാനായി അനുവദിച്ച തുകയുടെ ആദ്യ ഗഡു ആർ. ഇ. സി.-യിൽ നിന്നും ലഭിച്ചാലുടൻ വൈദ്യുതീകരണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

പുതുതായി തുടങ്ങുവാനുദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികൾ

44 [343] ശ്രീ. തോമസ് ചാഴിക്കാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റേഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത വർഷം വൈദ്യുതി ബോർഡ് പുതുതായി എത്ര കോടി രൂപയുടെ മൂലധന നിക്ഷേപമാണ് ലക്ഷ്യമിടുന്നത്;

(ബി) ഇതിന്റെ മേഖലകൾ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പുതുതായി തുടങ്ങുവാനുദ്ദേശിക്കുന്ന ജല വൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി എത്ര മെഗാവാട്ടാണ്;

(ഡി) പ്രസരണ വിതരണ മേഖലയിൽ തുടങ്ങുവാനുദ്ദേശിക്കുന്ന പദ്ധതി കളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) & (ബി) വൈദ്യുത ബോർഡ് കേന്ദ്ര ആസൂത്രിത കമ്മീഷന് 2006-07 വാർഷിക പദ്ധതിക്കുവേണ്ടി സമർപ്പിച്ച കണക്കുകൾ പ്രകാരം 760 കോടി രൂപയുടെ പദ്ധതി ചെലവുകൾ നടത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഉല്പാദനം	250.00 കോടി
പ്രസരണം	218.50 കോടി
വിതരണവും മറ്റുള്ളവയും	291.50 കോടി
ആകെ	760.00 കോടി

(സി) പത്താം പദ്ധതിയുടെ ശേഷിക്കുന്ന കാലയളവിൽ 132.25 മെഗാവാട്ടും പതിനൊന്നാം പദ്ധതിയിൽ 547 മെഗാവാട്ടും ജല വൈദ്യുത പദ്ധതികൾ പൂർത്തി യാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) 2006-07 പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്ന സബ് സ്റ്റേഷനുകളുടെയും നിർമ്മാണം തുടങ്ങാനുദ്ദേശിക്കുന്ന സബ് സ്റ്റേഷനുകളുടെയും വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറി യിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly